(എഫ്) ആളിയാറിലേക്കും തിരുമൂർത്തിയിലേക്കും ദിവസവും കൊണ്ടു പോകുന്ന വെള്ളം ഇപ്പോൾ അളക്കുന്നുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

പറമ്പിക്കുളം-ആളിയാർ അണക്കെട്ട്

84 [3472] ശ്രീ. അടൂർ പ്രകാശ്:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ അണക്കെട്ട് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്;

(ബി) ഏതെല്ലാം മലകളെ യോജിപ്പിച്ചുകൊണ്ടാണ് ഈ അണക്കെട്ട് ഉണ്ടാക്കിയിട്ടുള്ളത്;

(സി) ഈ ജലസംഭരണി ഏത് സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നു;

(ഡി) ഈ ജലസംഭരണിയിലേക്ക് എവിടെനിന്ന് ഉത്ഭവിക്കുന്ന നദികളിലെ വെള്ളമാണ് എത്തിച്ചേരുന്നത്;

(ഇ) സംസ്ഥാനത്ത് നിന്ന് ഉത്ഭവിക്കുന്ന ഏതെല്ലാം നദികളിലൂടെ ഈ ജല സംഭരണിയിൽ വെള്ളം എത്തുന്നു; ഈ ജല സംഭരണിയിൽ എത്തുന്ന വെള്ളത്തിന്റെ അളവെത്ര;

(എഫ്) എവിടെയെല്ലാം വച്ച് ഈ വെള്ളം അളക്കുന്നു;

(ജി) തമിഴ്നാട്ടിൽ നിന്നും ഉത്ഭവിക്കുന്ന നദികളിലൂടെ ഈ ജലസംഭരണിയിൽ എത്തുന്ന വെള്ളമെത്ര;

(എച്ച്) ഈ ജലസംഭരണി സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന് ഇതിന്റെ നിയന്ത്രണമുണ്ടോ; ഇല്ലെങ്കിൽ അത് നേടിയെടുക്കുവാൻ നടപടി എടുക്കാത്തതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിക്ക് കീഴിലുള്ള പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം, കേരള ഷോളയാർ എന്നീ അണക്കെട്ടുകൾ കേരള അതിർത്തിക്കുള്ളിലും ലോവർ നീരാർ, തമിഴ്നാട് ഷോളയാർ, ആളിയാർ, തിരുമൂർത്തി, അപ്പർ ആളിയാർ എന്നീ അണക്കെട്ടുകളും അപ്പർ നീരാർ വിയറും തമിഴ്നാട് അതിർത്തിക്കുള്ളിലുമാണ് സ്ഥിതി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പശ്ചിമഘട്ടത്തിലെ വിവിധ മലനിരകളെ യോജിപ്പിച്ചുകൊണ്ടാണ് പറമ്പിക്കുളം-ആളിയാർ പദ്ധതി ശൃംഖല ഉണ്ടാക്കിയിട്ടുള്ളത്.

(സി) കേരളത്തിൽ സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ ജലസംഭരണികൾ കേരളത്തിലും, തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്നവയുടേത് തമിഴ്നാട്ടിലുമാണ്.

(ഡി) തമിഴ്നാട്ടിൽ നിന്ന് ഉത്ഭവിച്ച് കേരളത്തിലേക്ക് ഒഴുകുന്ന പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ നദികളിലേയും അവയുടെ പോഷക നദികളിലേയും വെള്ളമാണ് ഈ ജലസംഭരണികളിൽ എത്തിച്ചേരുന്നത്.

(ഇ & ജി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ ജലസംഭരണികളിൽ തമിഴ്നാട്ടിൽ നിന്നും ഉത്ഭവിക്കുന്ന പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ നദികളിലേയും അവയുടെ പോഷക നദികളിലേയും ജലമാണ് എത്തുന്നത്. ഈ ജല സംഭരണികളിൽ ഒഴുകിയെത്തുന്ന വെള്ളത്തിൽ കേരളത്തിന്റേയും തമിഴ്നാടിന്റേയും വൃഷ്ടിപ്രദേശത്തുനിന്നും ഒഴുകിയെത്തുന്ന വെള്ളത്തിന്റെ കണക്ക് പ്രത്യേകമായിട്ട് എടുക്കുന്ന സംവിധാനമല്ല ഇപ്പോഴുള്ളത്. ഇരു സംസ്ഥാനങ്ങളും സംയുക്തമായി നടത്തിയിട്ടുള്ള ഗേജിംഗിന്റെ അടിസ്ഥാനത്തിൽ ശരാശരി വാർഷിക ഈൽഡ് താഴെപ്പറയും പ്രകാരമാണ്.

അപ്പർ നീരാർ വിയർ	..	8634	ദശലക്ഷം ഘനയടി
ലോവർ നീരാർ ഡാം	..	2928	,,
ഷോളയാർ സബ് ബേസിൻ	..	17570	,,
പറമ്പിക്കുളം സബ് ബേസിൻ	..	10135	,,
പാലാർ	..	1049	,,
ആളിയാർ	..	7900	,,
ആളിയാർ, തിരുമൂർത്തി, മണക്കടവ് ഇവയുടെ ഇടയിൽ സംഭരിക്കുന്ന ജലം	..	5575	,,

(എഫ്) ജലവിഭവ വകുപ്പിനു കീഴിൽ പാലക്കാട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സംയുക്തജല ക്രമീകരണ വിഭാഗം ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പറമ്പിക്കുളം-ആളിയാർ ശൃംഖലയിൽ കേരളത്തിലും തമിഴ്നാട്ടിലുമായി സ്ഥിതി ചെയ്യുന്ന 66 ഗേജിംഗ് പോയിന്റുകളിൽ വച്ച് ഈ വെള്ളം അളക്കുന്നുണ്ട്.

(ജി) 'ഇ' യിൽ കൊടുത്തിട്ടുണ്ട്.

(എച്ച്) പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരള ഷോളയാറൊഴിച്ചുള്ള എല്ലാ ജലസംഭരണികളുടേയും നിയന്ത്രണം തമിഴ്നാടിനാണ്. കേരള അതിർത്തിക്കുള്ളിലുള്ള അണക്കെട്ടുകളുടെ നിയന്ത്രണം കേരളം ഏറ്റെടുക്കുന്നതിന് കരാർ വ്യവസ്ഥകൾ മാറ്റണം. നിലവിലുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിൽ 30 വർഷത്തിൽ ഒരിക്കൽ കരാർ പുനരവലോകനം ചെയ്യുന്നതിനു മാത്രമേ വ്യവസ്ഥയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly